# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 23.05.2026** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. **യുവജനങ്ങൾക്ക് ആഗോള തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ ഇന്ത്യ വിവിധ രാജ്യങ്ങളുമായി കൈകോർക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

   **PM Narendra Modi says India partners with various countries to ensure global job opportunities for youth.**

2. **VB-G RAM G നിയമത്തിന്റെ കരട്, കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചു. പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അടുത്ത മാസം 21-നകം സമർപ്പിക്കാം.**

   **Central government publishes draft VB-G RAM G Act; public can submit feedback by next month 21.**

3. **പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി.**

   **US Secretary of State Marco Rubio meets PM Narendra Modi in New Delhi.**

4. **ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യ ശക്തമായ സാമ്പത്തിക അടിത്തറയും മികച്ച കയറ്റുമതി വളർച്ചയും നിലനിർത്തുകയാണെന്ന് കേന്ദ്ര മന്ത്രി പിയൂഷ് ഗോയൽ.**

   **Union Minister Piyush Goyal asserts India maintains strong**

economic fundamentals and robust export growth despite global crisis.

5. ലഹരിക്കെതിരെ കേരളത്തിൽ, 'ഓപ്പറേഷൻ തൂഫാൻ - ദി നാർകോ ഹണ്ട്' എന്ന പേരിൽ നടപടികൾ ആരംഭിക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല.

   Home Minister Ramesh Chennithala announces launch of 'Operation Toofaan – The Narco Hunt' against drugs in Kerala.

6. ഐ.പി.എൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ് - പഞ്ചാബ് കിംഗ്സ് പോരാട്ടം.

   Lucknow Super Giants clash with Punjab Kings in IPL cricket.

**************************************************

## DAY. PM-ROZGAR MELA (INTRO)

യുവജനങ്ങൾക്ക് ആഗോള തൊഴിലവസരങ്ങൾ ഉറപ്പാക്കാൻ ഇന്ത്യ വിവിധ രാജ്യങ്ങളുമായി കൈകോർക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വീഡിയോ കോൺഫറൻസിംഗിലൂടെ 19-ാമത് റോസ്ഗർ മേളയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്രം അതിന്റെ കർമ്മയോഗികളിൽ വിശ്വാസമർപ്പിച്ചിട്ടുണ്ടെന്നും സമർപ്പണം, പെരുമാറ്റം, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ആ വിശ്വാസത്തെ ബഹുമാനിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അവരുടെ ഉത്തരവാദിത്തമാണെന്നും പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി.

........ പി. എം. വോയിസ് ......

രാജ്യത്തെ 47 കേന്ദ്രങ്ങളിലായി നടന്ന റോസ്ഗർ മേളയിൽ റെയിൽവേ, ആഭ്യന്തരം, ആരോഗ്യം തുടങ്ങിയ വിവിധ

മന്ത്രാലയങ്ങളിലേക്ക് തിരഞ്ഞെടുത്ത 51,000-ത്തിലധികം ഉദ്യോഗാർത്ഥികൾക്ക് നിയമന കത്തുകൾ വിതരണം ചെയ്തു.
**************************

## KERALAM-ROZGAR MELA

ദേശീയ റോസ്ഗാർ മേളയുടെ ഭാഗമായി തിരുവനന്തപുരത്ത് നടന്ന ചടങ്ങ് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. 'യുവശക്തിയെ രാഷ്ട്രശക്തിയാക്കി' മാറ്റുകയാണ് റോസ്ഗാർ മേളയുടെ ലക്ഷ്യമെന്നും വികസിത ഭാരതം യാഥാർത്ഥ്യമാക്കാൻ യുവജനങ്ങൾ പങ്കാളികളാകണമെന്നും അദ്ദേഹം പറഞ്ഞു. ദക്ഷിണ റെയിൽവേ സംഘടിപ്പിച്ച ചടങ്ങിൽ 130-ഓളം പേർക്ക് നിയമന കത്തുകൾ വിതരണം ചെയ്തു. പാലക്കാട് നടന്ന റോസ്ഗാർ മേളയിൽ 137 പേർക്ക് നിയമന ഉത്തരവ് കൈമാറി. പരിപാടിയിൽ കേന്ദ്ര മന്ത്രി എച്ച്. ഡി. കുമാരസ്വാമി മുഖ്യാതിഥിയായി.
**************************

## US SEC - DELHI

പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യ - യു എസ് സമഗ്ര തന്ത്രപ്രധാന പങ്കാളിത്തത്തിന്റെ പുരോഗതി ഇരുവരും വിലയിരുത്തി. സമാധാനം, സുരക്ഷ, പ്രാദേശിക - ആഗോള വിഷയങ്ങൾ തുടങ്ങിയവയും ചർച്ച ചെയ്തു. ആഗോള നന്മയ്ക്ക് വേണ്ടി ഇന്ത്യയും യു എസും യോജിച്ച് മുന്നോട്ട് പോകുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി സമൂഹമാധ്യമത്തിൽ അറിയിച്ചു. വിദേശകാര്യ മന്ത്രി എസ്. ജയശങ്കറുമായി യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ നാളെ കൂടിക്കാഴ്ച നടത്തും. നാല് ദിവസത്തെ സന്ദർശനത്തിന് എത്തിയ അദ്ദേഹം ചൊവ്വാഴ്ച ക്വാഡ് വിദേശ്യകാര്യ മന്ത്രിമാരുടെ യോഗത്തിലും പങ്കെടുക്കും.
**************************

## G-RAM-G DRAFT RULES

2025-ലെ VB-G RAM G നിയമത്തിന്റെ കരട്, കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചു. പൊതുജനങ്ങൾക്ക് അഭിപ്രായങ്ങളും

നിർദ്ദേശങ്ങളും അടുത്ത മാസം 21-നകം സമർപ്പിക്കാമെന്ന് ഗ്രാമവികസന മന്ത്രാലയം അറിയിച്ചു. 20 വർഷം പഴക്കമുള്ള മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന് പകരമായാണ് വികസിത് ഭാരത്-G RAM G നിയമം നിലവിൽ വരുന്നത്. പുതിയ നിയമം ഈ വർഷം ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരും.

**************************

## HM - KERALA

ലഹരിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ, 'ഓപ്പറേഷൻ തൂഫാൻ - ദി നാർകോ ഹണ്ട്' എന്ന പേരിൽ നടപടികൾ ആരംഭിക്കുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ജൂൺ ഒന്നിന് സ്കൂൾ തുറക്കുന്ന ദിവസം സംസ്ഥാന വ്യാപകമായി പദ്ധതിക്ക് തുടക്കമാകും. കുട്ടികളെ ലഹരിയിലേക്ക് നയിക്കുന്ന സംഘങ്ങളെ കണ്ടെത്തി ഉന്മൂലനം ചെയ്യുകയാണ് പ്രധാന ലക്ഷ്യം.

**************************

## KERALAM RAIN

കേരളത്തിൽ ബുധനാഴ്ച വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. നാളെ ആറ് ജില്ലകളിലും തിങ്കളാഴ്ച ഒൻപത് ജില്ലകളിലും മഞ്ഞ ജാഗ്രത തുടരും. ഇതിനിടെ, തെക്കു-പടിഞ്ഞാറൻ കാലവർഷം അറബിക്കടലിന്റെയും ബംഗാൾ ഉൾക്കടലിന്റെയും കൂടുതൽ ഭാഗങ്ങളിലേക്കും ആൻഡമാൻ കടലിലേക്കും വ്യാപിച്ചു. ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ മാസം 27 വരെ കേരള-കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കുണ്ട്.

**************************

## HARDEEP PURI- OIL INDIA

രാജസ്ഥാനിലെ ദണ്ഡേവാല ഫീൽഡിൽ ഓയിൽ ഇന്ത്യ ലിമിറ്റഡ് പുതിയ പ്രകൃതിവാതക നിക്ഷേപം കണ്ടെത്തിയതായി കേന്ദ്ര പെട്രോളിയം-പ്രകൃതിവാതക മന്ത്രി ഹർദീപ് സിംഗ് പൂരി

അറിയിച്ചു. ഇവിടെ നിന്ന് പ്രതിദിനം ഏകദേശം 25,000 സ്റ്റാൻഡേർഡ് ക്യൂബിക് മീറ്റർ പ്രകൃതിവാതകം ലഭ്യമാകും.
**************************

## FUEL- GOVT STEPS

ഹോർമുസ് കടലിടുക്കിലെ സംഘർങ്ങൾക്കിടയിലും
ആദ്യ 76 ദിവസങ്ങളിൽ ചില്ലറ ഇന്ധന വില മാറ്റമില്ലാതെ നിലനിർത്തിയ ലോകത്തിലെ ഏക സമ്പദ്‌വ്യവസ്ഥ ഇന്ത്യയാണെന്ന് കേന്ദ്ര സർക്കാർ. മേഖലയിലെ സംഘർഷത്തെ തുടർന്ന് ആഗോള തലത്തിൽ എണ്ണ വിതരണത്തിൽ ഉണ്ടായ ആഘാതം ഇന്ത്യയെയും ബാധിച്ചിട്ടുണ്ട്. ചില്ലറ വിലയിൽ ഈ വർദ്ധനവ് ബാധിക്കാതിരിക്കാൻ പെട്രോളിനും ഡീസലിനും എക്സൈസ് തീരുവ നാല് തവണ സർക്കാർ കുറച്ചതായും വൃത്തങ്ങൾ അറിയിച്ചു.
**************************

## GOYAL - GROWTH (INTRO)

ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യ ശക്തമായ സാമ്പത്തിക അടിത്തറയും മികച്ച കയറ്റുമതി വളർച്ചയും നിലനിർത്തുകയാണെന്ന് കേന്ദ്ര വാണിജ്യ-വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ഏപ്രിലിലെ മികച്ച കയറ്റുമതി വളർച്ച മേയ് മാസത്തിലും തുടരുന്നത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ കരുത്താണ് കാണിക്കുന്നത്. വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്താനായി 'ഭവ്യ' പദ്ധതിയിലൂടെ രാജ്യത്തുടനീളം നൂറ് വ്യവസായ പാർക്കുകൾ സ്ഥാപിക്കുമെന്നും മന്ത്രി പറഞ്ഞു.

.........വോയിസ്...............

**************************

## IPL

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - പഞ്ചാബ് കിംഗ്സ് പോരാട്ടം. ലഖ്നൗവിലാണ് മത്സരം. ടോസ് നേടിയ പഞ്ചാബ് ബൗളിങ്ങ് തിരെഞ്ഞെടുത്തു.
**************************

## ASIAN U23 WRESTLING CHAMPIONSHIP

വിയറ്റ്നാമിലെ ഡാ നാങ്ങിൽ നടക്കുന്ന ഏഷ്യൻ അണ്ടർ 23 ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ താരങ്ങളായ സൂരജ് വസിഷ്ഠും സാഗർ സിങ്ങും ഫൈനലിൽ പ്രവേശിച്ചു. 60 കിലോഗ്രാം വിഭാഗം ഫൈനലിൽ സൂരജ്, കസാക്കിസ്ഥാൻ താരത്തേയും, 67 കിലോഗ്രാം വിഭാഗത്തിൽ, സാഗർ സിംഗ് ഉസ്ബെക്കിസ്ഥാൻ താരത്തേയും നേരിടും.

***************************

## JITENDRA SINGH- EVEREST

എവറസ്റ്റ് കീഴടക്കിയ, ഇൻഡോ-ടിബറ്റൻ ബോർഡർ പോലീസിന്റെ ആദ്യ വനിതാ പര്യവേഷണ സംഘത്തെ കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ് അഭിനന്ദിച്ചു. ഇന്ത്യയുടെ അഭിമാനമായ ഇവർ ആഗോളതലത്തിൽ ഇന്ത്യയുടെ നാരി ശക്തിയെ പുനർനിർവചിക്കുകയാണെന്ന് സാമൂഹിക മാധ്യമ പോസ്റ്റിൽ ശ്രീ സിംഗ് പറഞ്ഞു.

***************************

## MUMBAI-DRUG SEIZED

മുംബൈ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നടത്തിയ രണ്ട് വ്യത്യസ്ത പരിശോധനകളിൽ 11 കോടി 25 ലക്ഷം രൂപ വിലമതിക്കുന്ന 2.25 കിലോഗ്രാം കൊക്കെയ്ൻ പിടികൂടി. ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസാണ് പരിശോധന നടത്തിയത്. സംഭവവുമായി ബന്ധപ്പെട്ട് നാല് വിദേശ പൗരന്മാരെ അറസ്റ്റ് ചെയ്തു.

***************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത് ഈ മാസം 31-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയോ, നമോ ആപ്പിലൂടെയോ, My gov ഓപ്പൺ ഫോറത്തിലൂടെയോ ഈ മാസം 29 വരെ സമർപ്പിക്കാം.

***************************

## CBSE-EXTENSION

പന്ത്രണ്ടാം ക്ലാസ് ബോർഡ് പരീക്ഷയിലെ ഉത്തരക്കടലാസുകളുടെ സ്കാൻ ചെയ്ത പകർപ്പുകൾ ലഭിക്കാൻ അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി നാളെ വരെ നീട്ടിയതായി സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷൻ. ഉത്തരക്കടലാസുകളുടെ പകർപ്പ് ലഭിച്ച ശേഷം പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കാൻ വിദ്യാർത്ഥികൾക്ക് രണ്ട് ദിവസത്തെ സമയം നൽകിയതായും CBSE അറിയിച്ചു.

***************************

## EVE. CHINA-MINE EXPLOSION

ചൈനയിലെ ഷാൻസി പ്രവിശ്യയിൽ കൽക്കരി ഖനിയിൽ ഉണ്ടായ സ്ഫോടനത്തിൽ കൊല്ലപ്പെട്ടവരുടെ എണ്ണം 90 ആയി ഉയർന്നു. 201 ഖനിത്തൊഴിലാളികളെ രക്ഷപ്പെടുത്തിയതായി ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. സംഭവത്തെകുറിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിങ് ആവശ്യപ്പെട്ടു.

***************************

## US-SEMICONDUCTORS

അമേരിക്കയുടെ അത്യാധുനിക അർദ്ധചാലകങ്ങൾ ചൈനയിലേക്ക് കടത്തുന്നത് തടയുന്നതിനുള്ള ഉഭയകക്ഷി ബില്ലിന് യു.എസ് സെനറ്റ് അംഗീകാരം നൽകി. ചൈന ഈ ചിപ്പുകൾ സൈനിക ആവശ്യങ്ങൾക്കും നിർമ്മിത ബുദ്ധി പ്രോഗ്രാമുകൾക്കും ഉപയോഗിച്ചേക്കുമെന്ന വാഷിംഗ്ടണിന്റെ ആശങ്കയെ തുടർന്നാണ് നടപടി. നിയമവിരുദ്ധമായ സെമികണ്ടക്ടർ കയറ്റുമതി കണ്ടെത്താൻ ഒരു വിസിൽബ്ലോവർ പ്രോത്സാഹന പരിപാടി ബില്ല് നിർദ്ദേശിക്കുന്നുണ്ട്.

***************************

## IRAN-US OBSTRUCTIONISM

ആണവായുധ വ്യാപന നിരോധന കരാർ അവലോകന സമ്മേളനം പരാജയപ്പെട്ടതിന് പിന്നാലെ, അമേരിക്കയ്ക്കും സഖ്യകക്ഷികൾക്കുമെതിരെ ഇറാൻ രംഗത്ത്. അമേരിക്കയുടെ തടസ്സവാദങ്ങൾ കാരണമാണ് അന്തിമ രേഖ

പുറത്തിറക്കാനാകാതെ തുടർച്ചയായ മൂന്നാം തവണയും ചർച്ച പരാജയപ്പെട്ടതെന്ന് യു എന്നിലെ ഇറാൻ പ്രതിനിധി സംഘം കുറ്റപ്പെടുത്തി. തങ്ങൾ ഒരിക്കലും ആണവായുധങ്ങൾ നിർമ്മിക്കില്ലെന്ന വാചകം ഒഴിവാക്കണമെന്ന് ഇറാൻ ആവശ്യപ്പെട്ടപ്പോൾ, അത് നിലനിർത്തണമെന്ന് അമേരിക്ക നിർബന്ധം പിടിച്ചതാണ് ചർച്ചകൾ പരാജയപ്പെടാൻ ഇടയാക്കിയത്.

*

*********

******************************************